# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **148/2026** തിരുവനന്തപുരം, തീയതി : **17/07/2026**

## പത്രക്കുറിപ്പ്

### കേരള സർവകലാശാല
### ബിഎഡ് പ്രവേശനം – 2026
### സപ്ലിമെന്ററി അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും അവസരം.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്കുള്ള ഒന്നാം വർഷ ബിഎഡ് പ്രോഗ്രാമുകളിലെ പ്രവേശനത്തിന് നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

നിലവിൽ രജിസ്ട്രേഷനുള്ള എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യൂവേഷൻ/ഗ്രേസ് മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം, തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

നിലവിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളും (മാർക്കിലെ വർദ്ധനവ്/സ്പെഷ്യൽ വെയിറ്റേജ്) ഓപ്ഷനുകളും മാത്രമേ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ.

മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർ, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത അപേക്ഷകർ, നിലവിൽ കോളേജ് പ്രവേശനം നേടി അഡ്മിഷൻ ഉറപ്പാക്കിയ വിദ്യാർത്ഥികൾ, കോളേജ് പ്രവേശനം നേടി ഏതെങ്കിലും കാരണത്താൽ അഡ്മിഷൻ നഷ്ടമായ വിദ്യാർത്ഥികൾ എന്നിവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ താല്പര്യമുള്ളപക്ഷം ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ് എന്നിവ ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്തശേഷം “edit profile” ലിങ്ക് വഴി പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥികളുടെ പഴയ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.

നിലവിൽ അലോട്ട്മെന്റുകൾ ഒന്നും ലഭിക്കാത്ത വിദ്യാർത്ഥികൾ പുതുതായി ഓപ്ഷൻ നൽകിയില്ലെങ്കിൽ ഇവരുടെ പഴയ എല്ലാ ഓപ്ഷനുകളും പരിഗണിക്കുന്നതാണ്. പുതുതായി ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ക്യാൻസൽ ആകുന്നതാണ്. പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നു വരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ.

പ്രൊഫൈലിൽ തിരുത്തൽ വരുത്തൽ, അലോട്ട്മെന്റിലേക്ക് വീണ്ടും പരിഗണിക്കൽ (Reconsider) എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (ഇതിനായി സർവകലാശാലയിൽ അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ) സ്വയം അവരവരുടെ പ്രൊഫൈലിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്. മുകളിൽ പറഞ്ഞ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കാത്തപക്ഷം പ്രൊഫൈലിൽ ലഭ്യമായ **FORUM** ടാബ് ഉപയോഗിക്കാവുന്നതാണ്.

**ഇതര സർവകലാശാലകളിൽ നിന്ന് ബിരുദം, ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ അപേക്ഷകർ, അഡ്മിഷൻ സമയത്ത് നിർബന്ധമായും എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.**

തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും **(options for supplementary allotment)** അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

## കേരളസർവകലാശാല
## ബിരുദ പ്രവേശനം 2026 - 27
## കമ്മ്യൂണിറ്റി ക്വാട്ട സപ്ലിമെന്ററി അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും അവസരം.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് എയ്ഡഡ് (Aided) കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി പുതിയ ഓപ്ഷൻസ് നൽകാവുന്നതാണ്. ഓപ്ഷൻസ് നൽകുന്ന വിദ്യാർത്ഥികളെ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.

നിലവിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾ പഴയ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം ടി ഓപ്ഷനുകൾ കമ്മ്യൂണിറ്റി ക്വാട്ട സപ്ലിമെന്ററി അലോട്ട്മെന്റിനായി പരിഗണിക്കുന്നതാണ്. എന്നാൽ പുതുതായി കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷൻ നൽകിയാൽ അവർ പ്രൊഫൈലിൽ മുൻപ് നൽകിയ കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷനുകൾ ക്യാൻസൽ ആകുകയും പുതുതായി

നൽകിയ ഓപ്ഷനുകൾ മാത്രം തുടർന്നുവരുന്ന കമ്മ്യൂണിറ്റി ക്വാട്ട സപ്ലിമെന്ററി അലോട്ട്മെന്റിലേക്കായി പരിഗണിക്കപ്പെടുന്നതുമാണ്.

നിലവിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ അഡ്മിഷൻ എടുത്തവരും, അഡ്മിഷൻ എടുത്ത ശേഷം കോളേജിൽ നിന്നും ടിസി വാങ്ങിയവരും, പല ഘട്ടങ്ങളിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവരും ഉൾപ്പെടെ എല്ലാവരും കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷൻസ് നൽകിയാൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.

വെബ്സൈറ്റ് : https://admissions.keralauniversity.ac.in/fyugp2026. ഹെൽപ്പ് ലൈൻ നമ്പർ: 8281883052.

## പരീക്ഷാഫലം

കേരളസർവകലാശാല **2025** ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്‌സി കൗൺസിലിംഗ് സൈക്കോളജി (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 ജൂലൈ 26 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല **2025** ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്‌സി സൈക്കോളജി (റെഗുലർ **&** സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 ജൂലൈ 26 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ത്രിവത്സര എൽഎൽബി (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021, 2022 അഡ്മിഷൻ - 2020 സ്കീം, മേഴ്സിചാൻസ് – 2011 – 2018 അഡ്മിഷൻ - 2011 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2026 ജൂലൈ 26 ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ സി.ആർ. സി.ബി.സി.എസ്.എസ്. 2 (b) ബിഎസ്‌സി കമ്പ്യൂട്ടർ സയൻസ് (320) (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2022 & 2021 അഡ്മിഷൻ, മേഴ്സിചാൻസ് - 2013, 2017, 2018 & 2020 അഡ്മിഷൻ), ജൂൺ 2026 പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലൈ 22, 23 തീയതികളിലായി നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# <u>ടൈംടേബിൾ</u>

കേരളസർവകലാശാല 2026 ജൂലൈയിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ജർമ്മൻ, ഡിപ്ലോമ ഇൻ ജർമ്മൻ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**